"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കുടുംബശ്രീ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന Liveiihood Assistance Scheme-ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്**

സ.ഉ.(സാധാ) നം.1552/2025/RD   തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. 29.10.2024 തീയതിയിലെ സ.ഉ.(സാധാ)നം.2067/2024/ LSGD
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ 22/03/2025 ൽ KSHO/296/2025-D1 നമ്പർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച പ്രൊപ്പോസൽ.

**ഉത്തരവ്**

മേപ്പാടി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽ മല പ്രദേശത്തെ ഉരുൾപൊട്ടലിലെ ദുരന്തബാധിതർക്കുള്ള പുനരധിവാസ/ഉപജീവന പാക്കേജുകളുമായി ബന്ധപ്പെട്ട മൈക്രോ പ്ലാൻ തയാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ അംഗീകരിച്ചുകൊണ്ട് പരാമർശം 1 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദുരന്തത്തിൽ ഉൾപ്പെട്ട ഓരോ ഗുണഭോതാവിന്റെയും ആവശ്യങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള വ്യക്തിഗത മൈക്രോ പ്ലാൻ കുടുംബശ്രീ തയ്യാറാക്കിയിട്ടുണ്ടെന്നും, കാർഷികേതര മേഖലയിൽ ഉപജീവനം ആവശ്യമായ 619 പേരിൽ 184 പേർക്ക് മാത്രമേ നിലവിൽ സാമ്പത്തിക സഹായം, മറ്റു പിന്തുണ സഹായങ്ങൾ നൽകി ഉപജീവന മാർഗ്ഗം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിച്ചിട്ടുള്ളൂ എന്നും; ഹ്രസ്വകാല പദ്ധതിയിൽ ഉൾപ്പെട്ട 78 പേർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള തീരുമാനമായിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട്, ബാക്കിയുള്ള 357 ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിന്റെ ഭാഗമായി സൂക്ഷ്മ സംരംഭ മേഖലയിൽ ഉപജീവന മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിനായി CMDRF- ൽ നിന്നും ചുവടെ ചേർക്കും പ്രകാരം സ്റ്റാർട്ട് അപ് ഫണ്ട്, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി എന്നീ 2 തരത്തിലുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള ആകെ തുകയായ 3,61,66,000/- **(മൂന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി അറുപത്തി ആറായിരം രൂപ മാത്രം)** രൂപ അനുവദിയ്ക്കുന്നതിനായി പരാമർശം 2 പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു.

1. സ്റ്റാർട്ട് അപ് ഫണ്ട്

- പരമാവധി 2 ലക്ഷം രൂപ വരെ ഒരാൾക്ക് നൽകാവുന്നതാണ്. ഗ്രൂപ്പ് എന്റർ പ്രൈസുകൾക്ക് ഒരാൾക്ക് രണ്ടു ലക്ഷം രൂപ എന്ന കണക്കിൽ 5 പേർക്ക് പരമാവധി 10

ലക്ഷം രൂപവരെ അനുവദിക്കാവുന്നതാണ്.

- ടി ഫണ്ട് ഗ്രാന്റായി നൽകുകയും സംരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനനുസരിച്ച് ഘട്ടം ഘട്ടമായി റിലീസ് ചെയ്യാവുന്നതുമാണ്.
- കാറ്റഗറി 1, കാറ്റഗറി 2 വിഭാഗത്തിൽപ്പെടുന്ന എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക്/ആളുകൾക്ക് ഇത്തരത്തിൽ സ്റ്റാർട്ട് അപ് ഫണ്ട്/ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി നൽകാവുന്നതാണ്

2. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി

- സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്ക് വായ്പ , കുടുംബശ്രീ മുഖേനയുള്ള വായ്പ എന്നിവ എടുക്കുന്ന പക്ഷം ആകെ വായ്പ തുകയുടെ 60%, 40% എന്നിങ്ങനെ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയായി നൽകാവുന്നതാണ്.
- കാറ്റഗറി 3- ൽ വരുന്നവർക്ക് 60%വും കാറ്റഗറി 4 - ൽ വരുന്നവർക്ക് 40%വും ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി അനുവദിക്കാവുന്നതാണ്.
- പരമാവധി അനുവദിക്കുന്ന തുക പത്ത് ലക്ഷം രൂപ വരെ ആയിരിക്കും. ബാക്കി തുക ഗുണഭോക്താക്കൾ തന്നെ തിരിച്ചടയ്ക്കേണ്ടതാണ്.
- ഇത്തരത്തിൽ വായ്പ ലഭിച്ചാൽ ഉടൻ തന്നെ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി നേരിട്ട് ബാങ്കുകൾക്ക് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ബാക്കിയുള്ള തുകയും പലിശയും മാത്രമേ ബാങ്കുകൾ ഈടാക്കുകയുള്ളൂ.
- കാറ്റഗറി 3, കാറ്റഗറി 4 ൽ വരുന്ന കുടുംബങ്ങൾക്ക് ആളുകൾക്ക് ഉപജീവന മാർഗ്ഗം ലഭ്യമാക്കുന്നതിനായി ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകാവുന്നതാണ്.

ആവശ്യമായ ഫണ്ട് സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| കാറ്റഗറി | വിവരണം | ഫണ്ടിന്റെ തരം | ഗുണ ഭോക്താക്കളുടെ എണ്ണം | അനുവദിക്കേണ്ട തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| കാറ്റഗറി 1 | വീട്, സ്ഥലം, തൊഴിൽ ഉൾപ്പെടെ എല്ലാം നഷ്ടപ്പെട്ടവർ | സ്റ്റാർട്ട് അപ് ഫണ്ട്/ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി | 81 | 111.10 |
| കാറ്റഗറി 2 | എല്ലാം നഷ്ടപ്പെട്ടവർക്ക് തുല്യം (മത്തായി കമ്മീഷൻ പ്രകാരം No Go Zone | സ്റ്റാർട്ട് അപ് ഫണ്ട്/ ക്രെഡിറ്റ് ലിങ്ക്ഡ് | 75 | 86.90 |

| | | | | |
|---|---|---|---|---|
| | സ്ഥലങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ ) | സബ്സിഡി | | |
| കാറ്റഗറി 3 | ഉപജീവന മാർഗ്ഗം മാത്രം നഷ്ടപ്പെട്ടവർ | ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി | 84 | 84.0 |
| കാറ്റഗറി 4 | ഉപജീവന മാർഗ്ഗം മാത്രം നഷ്ടപ്പെട്ടവർ എന്നാൽ സാമ്പത്തിക-ഭൗതിക നാശനഷ്ടം കൂടുതൽ ഇല്ലാത്തവർ | ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി | 117 | 79.66 |
| | **ആകെ** | | 357 | 361.66 |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേപ്പാടി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽ മല പ്രദേശത്തെ ഉരുൾപൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന്റെ ഭാഗമായി സൂക്ഷ്മ സംരംഭ മേഖലയിൽ ഉപജീവന മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിനായി ദുരന്തത്തിൽ ഉൾപ്പെട്ട ഓരോ ഗുണഭോതാവിന്റെയും ആവശ്യങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള വ്യക്തിഗത മൈക്രോ പ്ലാൻ പ്രകാരം ഉപജീവനം ആവശ്യമായ 619 പേരിൽ ബാക്കിയുള്ള 357 ഗുണഭോക്താക്കൾക്ക് **3,61,66,000/-** രൂപ മേൽ മാനദണ്ഡപ്രകാരം കുടുംബശ്രീക്ക് നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ല കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ **3,61,66,000/- രൂപ (മൂന്ന് കോടി** അറുപത്തിയൊന്ന് **ലക്ഷത്തി അറുപത്തി ആറായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ല കളക്ടർക്ക് നല്കേണ്ടതും, ടി തുക വയനാട് ജില്ലാ കളക്ടർ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

ജില്ലാ ട്രഷറി ഓഫീസർ, വയനാട് [ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം]

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

തദ്ദേശ സ്വയംഭരണ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Apsara T T

Date: 26-06-2025 16:34:15

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

ദുരന്ത നിവാരണ വകുപ്പ്

റവന്യൂ (ഡി ആർ എഫ് - എ & ഡി ആർ എഫ്-ബി) വകുപ്പുകൾക്ക്